പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2573 — 21/06/2012 ൽ മറുപടിയ്ക്ക്

## ക്ലാസ് മുറികളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ സ്കൂളിലെ ക്ലാസ് റൂമുകൾ പരിഷ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | സർവ്വശിക്ഷാ അഭിയാൻ മുഖേന സർക്കാർ സ്കൂളിൽ ക്ലാസ്മുറികൾ ശിശുസൗഹൃദമാക്കി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സഹായത്തോടുകൂടി സമഗ്ര സ്കൂൾ വികസന പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. |
| ബി) സർക്കാർ എയിഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | അടിസ്ഥാന സൗകര്യ വികസനം ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്കൂളുകൾക്ക് എസ്.എസ്.എ, ആർ.എം.എസ്.എ ശുചിത്വമിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും എയ്ഡഡ് സ്കൂളുകളിലെ മാനേജർമാർക്ക് വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരവും നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. |
| സി) മലയാളം മീഡിയം സ്കൂളുകളിൽ പ്രത്യേക ഇംഗ്ലീഷ് പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ; വിശദാംശം നൽകാമോ ? | (സി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1, 5, 8 ക്ലാസ്സുകളിൽ കുറഞ്ഞത് 2 മലയാളം ഡിവിഷൻ നിലനിർത്തി മൂന്നാമത്തെ മലയാളം ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കാമെന്ന് സർക്കാർ ഉത്തരവ് നം. 148/2003/പൊ.വി. തീയതി 05.06.2003 പ്രകാരം ഉത്തരവായിട്ടുണ്ട്. |

എന്നാൽ 22.05.2012 ലെ സർക്കാർ ഉത്തരവ് നം.156/12/പൊ.വി. പ്രകാരം 1, 5, 8 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ അനുവദിക്കുന്നതിന് 2 മലയാളം ഡിവിഷൻ ഇല്ലെങ്കിൽ തന്നെയും, രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കി മാറ്റാവുന്നതാണ്. ഇംഗ്ലീഷ് മീഡിയം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം 30 ആണ്. 60 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ 2 ഡിവിഷൻ ആക്കാം. സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ആരംഭിക്കുന്നതിനും എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Sajikumar. N

സെക്ഷൻ ഓഫീസർ